# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4184 24.06.2019-ൽ മറുപടിക്ക്

## <u>മൃഗശാലകളിലെ മൃഗങ്ങളുടെ പരിപാലനം</u>

**<u>ചോദ്യം</u>**

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**<u>ഉത്തരം</u>**

ശ്രീ. കെ.രാജു

(ബഹു.വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മൃഗശാലകളിൽ കൂട്ടിലടച്ച് പാർപ്പിച്ചിരിക്കുന്ന മൃഗങ്ങളുടെ പരിപാലനത്തിലുള്ള കുറവുകൾ പരിഹരിക്കണമെന്ന കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ കണ്ടെത്തലുകൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | തിരുവനന്തപുരം, തൃശ്ശൂർ മൃഗശാലയിലെ മൃഗങ്ങളെ കൂട്ടിലടച്ച് പാർപ്പിച്ച് പരിപാലിക്കുന്നതിനുള്ള കുറവുകൾ പരിഹരിക്കണമെന്ന് കംപ്ട്രോളർ & ആഡിറ്റർ ജനറലിന്റെ കണ്ടെത്തലുകൾ സംബന്ധിച്ച വിവരം പരാമർശിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. എന്നാൽ 2016-ലെ റിപ്പോർട്ടിൽ പുത്തൂർ മൃഗശാലയുടെ നിർമ്മാണത്തിലെ കാലതാമസത്തെ ക്കുറിച്ച് പരാമർശിക്കപ്പെട്ടിട്ടുണ്ട്.<br><br>തിരുവനന്തപുരം മൃഗശാലയിൽ കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ അംഗീകാരമുള്ള മാസ്റ്റർപ്ലാൻ പ്രകാരം തനത് ആവാസ വ്യവസ്ഥയിലുള്ള വിശാലമായ പരിബന്ധനങ്ങളിലാണ് മൃഗങ്ങളെ പാർപ്പിച്ചിരിക്കുന്നത്.<br><br>തൃശ്ശൂർ മൃഗശാലാ പുത്തൂർ എന്ന സ്ഥലത്ത് മാറ്റി പാർപ്പിക്കുന്നതിനുള്ള നടപടികൾ വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. |
| (ബി) | ജനിതകമായി ആരോഗ്യമുള്ള മൃഗങ്ങളെ വാർത്തെടുക്കുവാൻ സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (ബി) | ജനിതകമായി ആരോഗ്യമുള്ള മൃഗങ്ങളെ വാർത്തെടുക്കു ന്നതിന് നിലവിലുള്ള മൃഗങ്ങളുടേയും പക്ഷികളുടേയും കൂടെ വ്യത്യസ്തങ്ങളായ ജനിതക ഗുണങ്ങളുള്ള ജീവികളെ വിവിധ മൃഗശാലകളിൽ നിന്നും എത്തിച്ചിട്ടുണ്ട്. ഇവയുടെ കുഞ്ഞുങ്ങൾ ആരോഗ്യമുള്ളതാവാൻ സാധ്യതയുണ്ട്. |
| (സി) | കേന്ദ്ര മൃഗശാല അധികാരികൾ നിർദ്ദേശിച്ചിരിക്കുന്ന നിബന്ധന കൾ സംസ്ഥാനത്തെ മൃഗശാലകൾ പാലിക്കുന്നില്ലെന്ന കാര്യം പരിശോധിക്കുമോ; വ്യക്തമാക്കുമോ? | (സി) | കേന്ദ്ര മൃഗശാലാ അതോറിറ്റിയുടെ മാനദണ്ഡങ്ങൾ പാലിച്ചുതന്നെയാണ് സംസ്ഥാനത്തെ മൃഗശാലകൾ പ്രവർത്തിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**